www.alukah.net إهداء من شبكة الألوكة

# ഹാജിമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

[ Malayalam - മലയാളം - مليالم ]

﴿ آداب الحاج ﴾

രചന:

ഡോ: ഹബീബ്ബിനു മുഅല്ലാ ലുവൈഹിഖ്

تأليف : د. حبيب بن معلا اللويحق

വിവര്‍ത്തനം: അബ്ദുറഹ്മാൻ മദീനി

ترجمة : عبد الرحمن مدينى

ഇസ്ലാമിക വകുപ്പ് മന്ത്രാലയം പ്രസിദ്ധീകരണ വിഭാഗം
റിയാദ്– സൗദി അറേബ്യ

وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية

Web edition by:
islamhouse.com
1431 – 2010

www.alukah.net إهداء من شبكة الألوكة

بسم الله الرحمن الرحيم

## സ്വീകാര്യതയുടെ സന്തോഷ സൂചനകൾ

സൗഭാഗ്യവാനായ ഹാജി സഹോദരാ, ഖലീലുല്ലാഹി ഇബ്റാഹീം(ﷺ)യുടെ വിളിക്കുത്തരം നൽകുകയെന്ന താങ്കളുടെ ചിരകാലാഭിലാഷം സഫലമാക്കാൻ വെമ്പൽ കൊള്ളുന്ന മനസ്സുമായി പുറപ്പെട്ടിരിക്കുകയാണല്ലോ. ഹജ്ജിന്റെ ചില മര്യാദകൾ ഇവിടെ പകർത്തുകയാണ്. കേവലം ചില ചിട്ടകൾ വിവരിക്കുകയല്ല മറിച്ച് കർമ്മ സ്വീകാര്യതയുടെയും ആത്മസായൂജ്യത്തിന്റേയും സവിശേഷതകളും സൂചനകളുമാണ് ലക്ഷ്യമാക്കുന്നത്. ആത്മനിർവൃതിയുടെ ആ അടയാളങ്ങളിലേക്ക് നമുക്ക് പ്രവേശിക്കാം.

**ഒന്ന് : നിഷ്കളങ്കത(ഇഖ്ലാസ്)**

സഹോദരാ, നിഷ്കളങ്കത വളരെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. രക്ഷിതാവിന്റെ പ്രീതിയും പ്രതിഫലവും കാംക്ഷിച്ചും, അവന്റെ ക്ഷണം സ്വീകരിച്ചും വിദൂര വഴികൾ താണ്ടിയും ക്ളേശങ്ങളേറെ തരണം ചെയ്തും താങ്കൾ പുറപ്പെട്ടു. ഒരിക്കലും സാമ്പത്തിക ലാഭമോ ഭൗതിക നേട്ടമോ ആരുടെയെങ്കിലും സ്തുതിയോ പ്രശംസയോ പ്രതീക്ഷിച്ചല്ലല്ലോ താങ്കൾ എത്തിച്ചേർന്നത്. അങ്ങിനെയാണെങ്കിൽ സൗഭാഗ്യം സിദ്ധിച്ച പുണ്യവാൻമാരുടെ കൂട്ടത്തിൽ താങ്കൾ ചേർക്കപ്പെടുകയേയില്ല. എന്നാൽ പരിശുദ്ധ ഹജ്ജ് നിർവ്വഹിക്കുന്നതിൽ പൂർണ്ണ നിഷ്കളങ്കത എങ്ങിനെ കൈവരിക്കും എന്ന് ചോദിച്ചാൽ, മഹത്തായ ഈ കർമ്മത്തിന് ഉദ്ദേശിച്ച ആദ്യ നിമിഷം മുതൽ അല്ലാഹുവെ തന്റെ കൺമുമ്പിലാക്കുകയും അവനെക്കുറിച്ചുള്ള ബോധം തന്റെ ഹൃദയത്തിൽ നിറക്കുകയും ചെയ്യുക. ഭൗതികമായ ഒരു ലക്ഷ്യവും നമ്മുടെ മുന്നിൽ കടന്നുവരരുത്. മനസ്സിലുണ്ടാകേണ്ടത് അല്ലാഹുവിന്റെ വിളിക്കുത്തരം നൽകുക എന്നൊരു ലക്ഷ്യമായിരിക്കണം. നബി(ﷺ)പറഞ്ഞ പോലെ ഒരു ഉംറ അടുത്ത ഉംറ വരേക്കുള്ള പാപങ്ങളെ പൊറുപ്പിക്കുന്നു. പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല. മറ്റൊരു വചനം, സ്ത്രീ സല്ലാപമോ അധർമ്മമോ പ്രവർത്തിക്കാതെ ഈ ദേവാലയത്തിങ്കൽ വ

www.alukah.net إهداء من شبكة الألوكة

ന്ന് ഹജ്ജ് ചെയ്യുന്നവൻ അന്ന് പ്രസിവിക്കപ്പെട്ടവനെ പോലെയായി മടങ്ങും. അതായിരിക്കണം നമ്മുടെ ലക്ഷ്യം. അല്ലാതെ 'ഹാജിയാർ' എന്ന് വിളിക്കപ്പെടാനോ ആരുടെയെങ്കിലും പ്രശംസക്ക് വേണ്ടിയോ ആകരുത്. അല്ലാഹുവിന്റെ പ്രീതിയും സ്വീകാര്യതയുമാണ് നാം ലക്ഷ്യമാക്കേണ്ടത്.

**രണ്ട് : പരമമായ താഴ്മയും കീഴ്വണക്കവും**

ഹജ്ജിന്റെ ആരംഭം മുതൽ അവസാനം വരെ അഌാഹുവിന്റെ ഏകത്വം നിറഞ്ഞു നിൽക്കുന്നു. അതിന്റെ ഓരോ കർമ്മവും തൗഹീദിനു വേണ്ടിയുള്ളതാണ്. ഹജ്ജിന്റെ മുഴുവൻ അനക്കത്തിലും അടക്കത്തിലും അല്ലാഹുവിന്റെ ചിഹ്നത്തെയാണ് ഉയർത്തുന്നത്. ഇത് മനസ്സിലാക്കി ഹാജി സഹോദരാ താങ്കൾ അല്ലാഹുവിനോടുള്ള താഴ്മയോടെയും വിനയത്തോടെയും മനസ്സും ശരീരവും ജീവിതം മുഴുവൻ അവനു വേണ്ടി കീഴ്പ്പെടുത്തുമ്പോൾ താങ്കളുടെ ഹൃത്തടത്തിൽ ഹജ്ജിന്റെ സാഫല്യം പൂവിടരുകയും സൗഭാഗ്യവാൻമാരിൽ താങ്കൾ ഉൾപ്പെടുകയും ചെയ്യും. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിച്ചും ഭയഭക്തിയോടെയും തൽബിയ്യത്ത് ചൊല്ലുന്നവനും ഭൗതീക ചടങ്ങുകൾ നിർവ്വഹിക്കുന്നപോലെ ഈ കർമ്മങ്ങളെ നുഷ്ടിച്ച് കേവലം നാവുകൊണ്ട് തൽബിയ്യത്ത് ഉരുവിടുന്നവനും തുല്യമാകുമെന്ന് താങ്കൾ കരുതുന്നുണ്ടോ.ഇല്ല, അവർ രണ്ടുപേരും ഒരിക്കലും തുല്യമാകുകയില്ല. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ആജ്ഞകൾ അനുവർത്തിച്ചും അടിമത്തബോധത്തോടെയുമാണ് താങ്കളിത് നിർവ്വഹിക്കുന്നതെങ്കിൽ യാത്രാക്ളേശമോ ജനത്തിരക്കോ സാമ്പത്തികബാധ്യതയോ ബുദ്ധിമുട്ടായി അനുഭവപ്പെടുകയില്ല.

**മൂന്ന് : ഹലാലായ സമ്പത്ത് തിരഞ്ഞെടുക്കുക**

നബി(ﷺ)യുടെ ഒരു മഹദ് വചനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. അവിടുന്ന് ഇങ്ങിനെ അരുളി: വിശിഷ്ട സമ്പാദ്യവുമായി ഹജ്ജിന് പോകുന്ന മനുഷ്യൻ അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി തൽബിയ്യത്ത് ചൊല്ലി വാഹനത്തിലേക്ക് തന്റെ കാലെടുത്തുവെക്കുമ്പോൾ ആകാശത്തുനിന്നും വിളിച്ചുപറയും: ലബൈക്ക വസഅദൈക്ക (നിനക്കുത്തരം നൽകപ്പെട്ടു. ഭാഗ്യം സിദ്ധിച്ചു. നിന്റെ

www.alukah.net إهداء من شبكة الألوكة

യാത്രാ ചെലവുകൾ ഹലാലായതാണ്, വാഹനവും ഹലാൽ, യാതൊരു നാശവുമേൽക്കാത്ത പുണ്യകരമായതാണ് നിന്റെ ഹജ്ജ്. എന്നാൽ നീചവും നിഷിദ്ധവുമായ സമ്പാദ്യം കൊണ്ടാണ് പുറപ്പെട്ടതെങ്കിൽ വാഹനത്തിലേക്ക് കാലെടുത്തുവെച്ചു കൊണ്ട് 'ലബൈക്ക'വിളിക്കുമ്പോൾ 'ലാ ലബൈക്ക വലാ സഅദൈക്ക', നിന്റെ വിളിക്കുത്തരമില്ല, നിനക്ക് ഭാഗ്യമുണ്ടാകില്ല, നിന്റെ യാത്രാ വിഭവങ്ങളും വാഹനവും നിഷിദ്ധമായതാണ്. നിന്റെ ഹജ്ജ് പുണ്യകരമല്ലാത്തതും നാശമടഞ്ഞതുമാണ്'എന്ന് ആകാശത്തുനിന്നും വിളിച്ചു പറയും. (ത്വബ്റാനി)

അതെ, എന്തുകൊണ്ടാണ് ഇവിടെ ആദ്യത്തെയാളുടെ ഹജ്ജ് സ്വീകാര്യമായതും രണ്ടാമന്റേത് തിരസ്ക്കരിക്കപ്പെട്ടതും? ഉത്തരമിതാണ്, ഒന്നാമൻ തന്റെ ജീവിതത്തിലുടനീളം പ്രത്യേകിച്ചും ഹജ്ജുയാത്രാചെലവുകളിൽ നിഷിദ്ധ സമ്പാദ്യം വർജ്ജിച്ചു. രണ്ടാമൻ നിഷിദ്ധ സമ്പാദ്യങ്ങളായ പലിശയും കൈകൂലിയും പിടിച്ചു പറിയും ഹറാമായ വസ്തുക്കൾ വിൽപന നടത്തിയും സമ്പാദിച്ചുണ്ടാക്കി. അതിൽ നിന്നും ഹജ്ജിന്റെ ചിലവിനായി ഉപയോഗിക്കുകയും ചെയ്തു.

നോക്കൂ, ഹജ്ജിന്റെ ചിലവിന്റെ കാര്യം എത്ര ഗൗരവമേറിയതാണ്. അത് നിഷിദ്ധമായതാണെങ്കിൽ അയാളുടെ ഹജ്ജിന്റെ ആരംഭത്തിൽ തന്നെ അതിനെ തള്ളപ്പെടേണ്ടതാക്കി മാറ്റുന്നു.അതിനാൽ ഹാജി സഹോദരാ, നിഷിദ്ധമായത് വർജ്ജിക്കുകയും നല്ലതും വിശിഷ്ടമായതും ചെലവിനായി തെരഞ്ഞെടുക്കുകയും ചെയ്യുക.

**നാല് :തൗബ ചെയ്യുക**

മാന്യ ഹാജി സഹോദരാ, ജീവിതത്തിൽ വലിയൊരു മാറ്റത്തിലേക്കാണ് താങ്കൾ പ്രവേശിക്കുന്നത്. അതെ, താങ്കളുടെ ഈ ഹജ്ജ് സ്വീകരിക്കപ്പെട്ടതായാൽ തന്റെ ഉമ്മ തന്നെ പ്രസവിച്ച ദിവസത്തെപ്പോലെ പാപമുക്തനായി താങ്കൾ മടങ്ങുന്നതാണ്. ആത്മാർത്ഥമായ പാശ്ചാതാപം കൊണ്ട് കഴിഞ്ഞു പോയ പാപങ്ങളെല്ലാം പൊറുക്കപ്പെടുകയും ജീവിതത്തിൽ അതിമഹത്തായൊരു വഴിത്തിരിവുണ്ടാകുകയും ചെയ്യുന്നത് എന്തൊരു സൗഭാഗ്യമാണ്.അല്ലാഹു പറയുന്നത് കാണുക:

www.alukah.net إهداء من شبكة الألوكة

وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ (النور: ٣١)

സത്യവിശ്വാസികളേ നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങള്‍ വിജയം പ്രാപിച്ചേക്കാം (നൂര്‍: 31)

മുഴുവന്‍ തെറ്റുകുറ്റങ്ങളില്‍ നിന്നും പിന്തിരിയുകയും സംഭവിച്ചു പോയതില്‍ ഖേദമുണ്ടാവുകയും ഇനി ഒരിക്കലും അത് ആവര്‍ത്തിക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കുകയും, സാമ്പത്തിക മായോ മാനസികമായോ ജനങ്ങളുടെ അവകാശങ്ങളെ കയ്യേറ്റം ചെയ്തത് തിരിച്ചു നല്‍കുകയോ പരിഹരിക്കുകയോ ചെയ്തും തൗബ ചെയ്യുക എന്നത് ഏതവസരത്തിലും ഒരു വിശ്വാസിയോട് കല്‍പ്പിക്കപ്പെട്ടതാണ്. എന്നാല്‍ ഹജ്ജ് പോലുള്ള വിശേഷ സന്ദര്‍ഭങ്ങളില്‍ അത് പ്രത്യേകം കല്‍പ്പിക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങിനെ പാശ്ചാതാപ മനസ്സോടെയാണ് അതി മഹത്തായ ഈ ആരാധനാ കര്‍മ്മത്തിലേക്ക് താങ്കള്‍ പ്രവേശിക്കുന്നതെങ്കില്‍ താങ്കളുടെ മഹാനായ രക്ഷിതാവിങ്കല്‍ അത് സ്വീകരിക്കപ്പെടാതിരിക്കുകയില്ല.

**അഞ്ച്: നല്ല സഹയാത്രികരെ തിരഞ്ഞെടുക്കുക.**

നന്‍മയും പുണ്യവും കാണിച്ചു തരുന്നവരും അതിന് സഹായിക്കുന്നവരുമായ നല്ല കൂട്ടുകാരെ തെരെഞ്ഞെടുക്കുക എന്നത് നിങ്ങളുടെ കര്‍മ്മങ്ങള്‍ സ്വീകാര്യമായിത്തീരുന്നതിനുള്ള പ്രധാന ഘടകമാണ്. മഹത്തായ ഹജ്ജ് യാത്രയില്‍ അങ്ങിനെയുള്ള കൂട്ടുകാര്‍ വലിയ മുതല്‍കൂട്ടായിരിക്കും.നബിചര്യക്കനുസരിച്ച് തന്നെ ഹജ്ജിന്റെ കര്‍മ്മങ്ങളെല്ലാം നിര്‍വഹിക്കാനും ഏറ്റവും ശ്രേഷ്ടമായത് ഉണര്‍ത്താനും നല്ല സഹയാത്രികരുടെ സാന്നിധ്യം ഉപകാരപ്പെടും.നിഷിദ്ധകാര്യങ്ങളിലൂടെയോ വിനോദങ്ങളിലൂടെയോ നിരര്‍ത്ഥക സംസാരങ്ങളിലൂടെയോ ഹജ്ജിന്റെ വിലപ്പെട്ട സമയം പാഴാക്കാതിരിക്കുന്നവര്‍, കര്‍മ്മങ്ങളില്‍ വ്യതിയാനങ്ങളോ ബിദ്അത്തുകളോ കലരാതെ സൂക്ഷിക്കുന്നവര്‍, അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുന്നവര്‍ വിധിവിലക്കുകളെ പരിപാലിക്കുന്നവര്‍,യാത്രാ മര്യാദകളും പ്രാര്‍ത്ഥനകളും ശ്രദ്ധിക്കുന്നവര്‍ തങ്ങള്‍ അല്ലാഹുവിന്റെ വിളിക്കുത്തരം നല്‍കിയെത്തിയവരും അതിഥികളുമാണെന്ന ബോധമുള്ളവരും ആ ബഹുമതിക്ക് ഭംഗം വരുത്തുന്ന നിരര്‍ത്ഥകമായ

www.alukah.net إهداء من شبكة الألوكة

വിനോദങ്ങളോ അനാവശ്യങ്ങളോ സംഭവിക്കാതെ സൂക്ഷിക്കുന്ന വർ .....

ഇങ്ങനെ അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കണമെന്ന ലക്ഷ്യമുള്ള യാത്രാ സംഘത്തെയാണ് യഥാർത്ഥത്തിൽ ഒരു മനുഷ്യൻ ഹജ്ജിന് സഹയാത്രികരായി തെരഞ്ഞെടുക്കേണ്ടത്.

**ആറ്: ഹജ്ജു കർമ്മങ്ങളുടെ വിധികൾ മനസ്സിലാക്കിയിരിക്കുക.**

ബഹുമാന്യ ഹാജി സഹോദരാ, താങ്കളുടെ ഹജ്ജ് മബ്റൂറ് ആയിത്തീരാൻ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഹജ്ജു കർമ്മങ്ങളെ കുറിച്ചുള്ള അറിവാകുന്നു. ദൃഢബോധത്തോടെയും കൃത്യതയോടെയും അല്ലാഹുവിനെ ആരാധിക്കാനും ഹജ്ജിന്റെ പ്രതിഫലം തന്നെ നഷ്ടപ്പെടുത്തുന്ന തെറ്റുകൾ സംഭവിക്കാതിരിക്കാനും ഈ അറിവ് ഉപകരിക്കും. നബി(ﷺ)യുടെ ചര്യകൾ മുറുകെ പിടിക്കുന്ന വിശ്വസ്തരായ പൺഢിതൻമാരോട് ചോദിച്ച് മനസ്സിലാക്കിയും ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി നബി(ﷺ)യുടെ ഹജ്ജിന്റെ കർമ്മ രീതികൾ വിവരിക്കുന്ന മനാസിക്ക് ഗ്രന്ഥങ്ങൾ വായിച്ചും ഹജ്ജിന്റെ റുക്നുകളും സുന്നത്തുകളും മനസ്സിലാക്കുകയും ബിദ്അത്തുകളിൽ നിന്നും ദുഷിച്ച കർമ്മങ്ങളിൽ നിന്നും അകന്നു നിൽക്കുകയും മറ്റുള്ളവരെ അതിൽനിന്നും തടയുകയുംചെയ്യണം.

**ഏഴ്: ക്ഷമിക്കുക**

ക്ഷമിക്കുക എന്നത് സത്യവിശ്വാസികളുടെ ഏറ്റവും സവിശേഷമായ സ്വഭാവമാണ്. അതുകൊണ്ട് അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നത്:

إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ ( الزمر: ١٠)

(ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കു നോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്).ഒരു വിശ്വാസി ജീവിതത്തിലുടനീളം ക്ഷമകൈകൊള്ളേണ്ടവനാണെങ്കിലും ഹജ്ജ് യാത്രയിൽ ഈ സ്വഭാവത്തിന്റെ ഏറ്റവും പ്രകടരൂപം പ്രത്യക്ഷമാകുന്നു. യദാർത്ഥ സത്യ വിശ്വാസിയായ ഒരു ഹാജി യാത്രാ ക്ളേശങ്ങളും ബുദ്ധിമുട്ടുകളും സ്വയം ഏറ്റെടുക്കുകയും അതിനെല്ലാം അല്ലാഹു

www.alukah.net إهداء من شبكة الألوكة

വിങ്കൽ പ്രതിഫലം ലഭിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.ചൂടിന്റെ കാഠിന്യമോ ഭക്ഷണ ദൗർലഭ്യമോ യാത്രാ ദൈർഘ്യമോ അയാളെ അലട്ടുകയില്ല. തന്റെ ഔദാര്യങ്ങളോ നൻമകളോ എടുത്തു പറഞ്ഞും വാക്കു കൊണ്ടോ പ്രവർത്തികൊണ്ടോ മറ്റുള്ള മുസ്ലിംകൾക്ക് വിഷമം സൃഷ്ടിച്ചു കൊണ്ടോ സ്വാർത്ഥതകാട്ടിയോ കർമ്മങ്ങളെ അയാൾ നിഷ്ഫലമാക്കുകയില്ല. ജനങ്ങളുടെ തിരക്കു കണ്ടോ, തനിക്ക് തുടർച്ചയായി നിർവ്വഹിക്കാനുള്ള കർമ്മങ്ങളെ കുറിച്ച് ഓർത്തുകൊണ്ടോ, മനാസിക്കുകൾ നിർവ്വഹിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളെ കുറിച്ചോ അയാൾ അസ്വസ്ഥനാവുകയില്ല. എന്നു മാത്രമല്ല,താൻ ഉല്ലാസത്തിനും വിനോദത്തിനും പുറപ്പെട്ടതല്ലെന്നും അല്ലാഹുവിന്റെ പ്രീതിയാണ് ലക്ഷ്യമെന്നും അതിനാൽ ഏറ്റവും മഹത്തായ ക്ഷമ പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കാനുള്ള ക്ഷമയാണെന്നും അയാൾ ചിന്തിക്കുന്നു. പാരത്രീക ലോകത്ത് ലഭിക്കാനിരിക്കുന്ന അല്ലാഹുവിന്റെ പ്രതിഫലങ്ങളും വാഗ്ദാനങ്ങളുമാണ് പ്രധാനം എന്ന് മനസ്സിലാക്കി എല്ലാം ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള ഭക്തൻമാർക്ക് തന്നെയാണ് ശുഭ പര്യവസാനം.

**എട്ട്: അല്ലാഹുവിന്റെ മത–ചിഹ്നങ്ങളെ ആദരിക്കുക**

അല്ലാഹു പറഞ്ഞു:

ذَلِكَ وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ (الحج/٣٢)

വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ. (ഹജ്ജ്: 32)

കലർപ്പില്ലാത്ത ഭക്തിയുടെ ഏറ്റവും വലിയ തെളിവാണ് അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്നത്.

മാന്യ ഹാജി സഹോദരാ, താങ്കളാകട്ടെ അദമ്യമായ ആവേശത്തോടും അതിരറ്റ ആദരവോടും അല്ലാഹുവിന്റെ ഗേഹത്തെ സന്ദർശിക്കാനെത്തിയതാണല്ലോ. അതിനാൽ ഈ തീർത്ഥാടനത്തിലുടനീളം തിരുനബി(ﷺ)യുടെ ചര്യ താങ്കൾ കൃത്യമായി പിന്തുടർന്നുകൊണ്ടാവട്ടെ അഷ്ഹാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്നത്.

www.alukah.net إهداء من شبكة الألوكة

അവയോട് മനസ്സിനുള്ളിൽ തികഞ്ഞ ബഹുമാനത്തോടെയും നിഷിദ്ധമായ കാര്യങ്ങൾ ശ്രദ്ധിക്കാതെയും തെറ്റുകുറ്റങ്ങളിൽ നിന്നെല്ലാം നാവിനേയും അവയവങ്ങളേയും നിയന്ത്രിച്ചു കൊണ്ടുമായിരിക്കണം അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കേണ്ടത്.അതല്ലെങ്കിൽ പാപങ്ങളുടെ മഹാഭാണ്ഢങ്ങൾ പേറുകയാവും ഹജ്ജു കൊണ്ട് ഉണ്ടാവുക എന്ന് താങ്കൾ തിരിച്ചറിയേണ്ടതുണ്ട്. താങ്കളുടെ ശരീരവും ഹജ്ജിന്റെ മശാഇറുകളുമെല്ലാം വൃത്തിയോടെ കാത്തു സൂക്ഷിച്ചു കൊണ്ടാവട്ടെ അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്നത്. മുസ്ലിംകൾക്ക് നൻമചെയ്തും സൽസ്വഭാവത്തോടെ അവരോട് പെരുമാറിയും പുരാതനമായ ഈ ഗേഹത്തിലേക്ക് തീർത്ഥാടനം ചെയ്തെത്തിയ അല്ലാഹുവിന്റെ അഥിതികളായ ഹാജിമാരെ ദ്രോഹിക്കാതെയും അവരോട് ഗുണകാംക്ഷ പുലർത്തിയും വിശ്വാസ ആരാധനാ കർമ്മങ്ങളിലും ഇടപാടികളിലുമെല്ലാം മതനിയമങ്ങൾ താങ്കൾക്ക് സാധിക്കുന്നവ മറ്റുള്ളവരെ പഠിപ്പിച്ചും അങ്ങിനെ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പ്രബോധനം നിർവ്വഹിച്ചുമാവട്ടെ അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്നത്.

**ഒമ്പത്: സൽസ്വഭാവം**

മാന്യ ഹാജി സഹോദരാ, സൽസ്വഭാവം എന്ന മഹാ ഗുണത്തെ താങ്കൾ ജീവിതത്തിലെപ്പോഴും നിലനിർത്തുക. അല്ലാഹുവിന്റെ പ്രീതി ലഭിക്കുവാനും ഈ പുണ്യയാത്രയിൽ താങ്കളുടെ ഹജ്ജ് സ്വീകരിക്കപ്പെടാനും അഃ കാരണമായിത്തീരുന്നു. സഹഹാജിമാരിലുള്ള ദുർബലരായവരെ സഹായിച്ചും ആവശ്യക്കാരന്റെ ആവശ്യം നിർവ്വഹിച്ചു കൊടുത്തും കഷ്ടപ്പെടുന്നവന് ആശ്വാസം നൽശിയും വഴിതെറ്റി അലയുന്നവരെ വഴികാണിച്ചും മുറിവേറ്റവരെ പരിചരിച്ചും കാരുണ്യവും ദയയും കാണിച്ചും, അവർക്കു സേവനം ചെയ്യാൻ താങ്കളുടെ സൽസ്വഭാവം താങ്കൾക്ക് പ്രേരണയാവണം. അവർക്ക് ഉപദ്രവം ചെയ്യാതെയും തിക്കും തിരക്കുമുണ്ടാക്കാതെയും അവരുടെ വീഴ്ചകൾ പൊറുത്തും മറ്റുള്ളവരുടെ വിവരക്കേടു കൊണ്ടുണ്ടാവുന്ന ബുദ്ധിമുട്ടുകൾ സഹിച്ചും അവരെ സേവിക്കണം. മുഖപ്രസന്നതയോടും പുഞ്ചിരിയോടും അവരെ അഭിമുഖീകരിക്കുന്നതും താങ്കൾ ചെയ്യുന്ന സേവനമാണ്. എല്ലാപുണ്യ കർമ്മങ്ങളേയും ഉൾകൊള്ളുന്നതാണ് സൽസ്വഭാവം. എന്നാൽ അതി

www.alukah.net إهداء من شبكة الألوكة

ന്റെ യദാർത്ഥ രൂപം സമാധാനം പാലിക്കുന്നതും ധൃതികൂട്ടാതിരിക്കുന്നതും മറ്റുള്ളവർക്ക് മുൻഗണന നൽകുന്നതും തനിക്ക് ഇഷ്ടപ്പെടുന്നതെല്ലാം തന്റെ മുസ്‌ലിം സഹോദരനും ഇഷ്ടപ്പെടുന്നതുമാണ്. ആളുകളെയെല്ലാം തിരക്കി, നിയമ ലംഘനങ്ങൾ നടത്തി, ആവശ്യക്കാരോടും ദുർബലരോടും അനുകമ്പ കാട്ടാതെ ധൃതികാട്ടുന്ന ഹാജിയാർ ഒട്ടും സൽസ്വഭാവം കാണിക്കാത്തവനാണ്. അതുപോലെ ഹജ്ജു യാത്രയിലുടനീളം സ്വന്തം കാര്യം മാത്രം നോക്കുക എന്ന മുദ്രാവാക്യം സ്വീകരിച്ചവനിലും സൽസ്വഭാവത്തിന്റെ ഒരംശവുമില്ല. ഹജ്ജിൽ സൽസ്വഭാവം കാണിക്കുന്നതിന്റെ സ്വാഭാവിക ഫലമാണ് മബ്റൂറായ ഹജ്ജ്.

**പത്ത്: പുതിയൊരു ജീവിതത്തിനുള്ള ദൃഢ നിശ്ചയം**

ഹാജിയുടെ അതി പ്രധാനമായ മര്യാദയും സന്തോഷ സൂചനയുമാണ് യാത്രാരംഭം മുതൽ വീട്ടിൽ തിരിച്ചെത്തും വരെ ഹജ്ജിനു ശേഷം പുതിയൊരു ജീവിതം ആരംഭിക്കുമെന്ന ദൃഢനിശ്ചയം നിലനിർത്തുക എന്നത്. ഹജ്ജിനു മുമ്പുള്ള ജീവിതവും ഹജ്ജിനു ശേഷമുള്ള ജീവിതവും ഒരു പോലെയാകാൻ പാടില്ല. അല്ലാഹുവിങ്കൽ സ്വീകാര്യമായ ഹജ്ജിന്റെ അന്തസത്തയാണ് അതിന്റെ വക്താക്കളായ മഹാഭാഗ്യവാൻമാരുടെ മനസ്സിൽ മാറ്റത്തിന്റെ വമ്പിച്ച സ്വാധീനമുണ്ടാക്കുക എന്നത്.ഹജ്ജിനു മുമ്പ് നമസ്കാരത്തിന് പിന്നിലായിരുന്നവർ ഹജ്ജിനു ശേഷം ഒരു ജമാഅത്തു നമസ്കാരം പോലും നഷ്ടപ്പെടുത്താത്തവരായി മാറണം.ഹജ്ജിനു മുമ്പ് നിഷിദ്ധമായ കാര്യങ്ങൾ പ്രവർത്തിക്കുന്നത് നിസ്സാരമായി തോന്നിയിരുന്നവർക്ക് ഹജ്ജിനു ശേഷം ഒരു ഹറാമിലേക്കും അടുക്കാത്തവരായി മാറാൻ കഴിയണം. ഹജ്ജിനു മുമ്പു മാതാപിതാക്കളെ ദ്രോഹിക്കുകയും കുടുംബ ബന്ധങ്ങൾ മുറിക്കുകയും ചെയ്തിരുന്നവർ ഹജ്ജിനു ശേഷം ബന്ധങ്ങൾ ചേർക്കുന്നവരും മാതാപിതാക്കളോട് ഏറ്റവും കൂടുതൽ നന്നായി വർത്തിക്കുന്നവരുമായി മാറണം.ഹജ്ജിനു മുമ്പു നിഷിദ്ധമായ ചിത്രങ്ങൾ കാണുകയും, സംഗീതമാസ്വദിക്കുകയും ചെയ്തിരുന്നവർ അതിൽനിന്നെല്ലാം അകന്നു നിൽക്കുകയും അവയോടെല്ലാം ഏറ്റവും ശക്തമായ രീതിയിൽ വെറുപ്പ് പ്രകടിപ്പിക്കുന്നവരായും മാറണം.ഹജ്ജിനു മുമ്പ് കളവും വഞ്ച

www.alukah.net إهداء من شبكة الألوكة

നയും ചെയ്തിരുന്നവർ അതെല്ലാം ഒഴിവാക്കി പരിശുദ്ധ ജീവിതം നയിക്കാൻ ഹജ്ജ് അവരെ പ്രാപ്തരാക്കണം .

ഹജ്ജിനു ശേഷം ഇപ്രകാരമുള്ള ഒരു മാറ്റത്തിന് സാധിക്കാതിരിക്കുകയും നീചമായ കാര്യങ്ങളിലേക്കു തന്നെ തിരിച്ചുപോവുകയും ചെയ്യുന്നുവെങ്കിൽ അത്തരം ഹജ്ജു കർമ്മം കൊണ്ട് യാതൊരു പ്രയോജനവും നേടാത്തവരും മഹത്തായ നൻമകളിൽ നിന്ന് അകറ്റപ്പെട്ടവരുമായി മാറുന്നതാണ്.

നമ്മുടെ കർമ്മങ്ങളെല്ലാം അല്ലാഹു സ്വീകരിക്കുകയും നൻമയിലേക്ക് നമ്മെ നയിക്കുകയും ചെയ്യുമാറാവട്ടെ. കുറ്റങ്ങളും പാപങ്ങളും മാപ്പാക്കുമാറാവട്ടെ.

അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

وصلّى الله على نبينا محمّد وآله وصحبه وسلّم

************